# തൂലിക

Newsletter of
Jesus Youth
*Dubai*

Issue. 410
28 November 2014



''നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി.
അത്, നാം പാപത്തിനു മരിച്ചു നീതിക്കായി ജീവിക്കേണ്ടതിനാണ്.
അവൻെറ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.''

1 പത്രോസ് 2:24

തൂലിക
ജീസസ്സ് യൂത്ത് ദുബായിയുടെ വാരാന്ത്യ വാർത്താ പത്രിക

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| കുമ്പസാരം | 4 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 6 |
| യുകാറ്റ് കോർണർ | 7 |
| ഹൃദിസ്ഥമാക്കാൻ ഒരു വചനം | 7 |
| പാപ്പാസന്ദേശം | 8 |
| അറിയിപ്പുകൾ | 10 |




http://thoolikaa.org

http://thoolikaa.net

**നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും;**
**അപ്പോൾ നമ്മിൽ സത്യമില്ലെന്നു വരും.**
**എന്നാൽ, നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ,**
**അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും**
**എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും.**
**1 യോഹന്നാൻ 8,9**

## മൊഴിമുത്തുകൾ

**ആത്മാവു പറയുന്നു; ഞാൻ മാലാഖമാരുടെ സഹചാരിയായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. കാരണം, വരണ്ടകളിമണ്ണിലേക്ക് ദൈവം അയച്ച സജീവനിശ്വസനമാണു ഞാൻ.**

*ബിൻഗെനിലെ വിശുദ്ധ ഹിൽഡെ ഗാർഡ്*

# കുമ്പസാരിക്കുവാൻ മടിക്കേണ്ട

ഒരു സുഹൃത്ത് പറഞ്ഞ സംഭവമാണ്. തൽക്കാലം അദ്ദേഹത്തെ ഷിജുവെന്ന് വിളിക്കാം. ഇടവകയിലെ ഒരു നിറസാന്നിധ്യം. വിശ്വാസപരിശീലനം, യുവജന പരിപാടികൾ, മറ്റു ഇടവകയുടെ എല്ലാത്തരം പരിപാടികൾക്കും മുന്നിലുണ്ടായിരുന്നു ഷിജു. അതിനാൽ തന്നെ ഇടവകയിലെ അച്ചന്മാരൊക്കെയായി വളരെ അടുത്ത സൗഹൃദത്തിലുമായിരുന്നു അദ്ദേഹം. ഇത് അദ്ദേഹത്തെ കുമ്പസാരിക്കുന്നതിൽ നിന്നും പുറകോട്ടു വലിച്ചു. കുറച്ചു നാൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് കുമ്പസാരിക്കാതെ വയ്യാ എന്നായി. സ്വന്തം ഇടവകയിലെ കുമ്പസാരത്തിനു പകരം അദ്ദേഹം തൊട്ടടുത്തുള്ള തീർത്ഥാടന കേന്ദ്രത്തിലേക്ക് പോയി. അവിടെയാകുമ്പോൾ നിരവധി വൈദീകർ പലസ്ഥലങ്ങളിൽ നിന്നും കുമ്പസാരിപ്പിക്കുവാനായി വരും. അതിനാൽ ധൈര്യപൂർവ്വം കുമ്പസാരിക്കാം എന്ന് ഷിജുവിനു തോന്നി.

അങ്ങിനെ തീർത്ഥാടനകേന്ദ്രത്തിലെ കുമ്പസാരിക്കുവാൻ നിൽക്കുന്നവരുടെ നിരയിൽ ഷിജുവും പോയി നിന്നു. അയാളുടെ അവസരമായപ്പോൾ കുമ്പസാരക്കൂടിലിരിക്കുന്ന വൈദീകനോട് പാപ ങ്ങളെല്ലാം ഏറ്റു പറഞ്ഞു. അപ്പോൾ വൈദീകൻ ചോദിച്ചു, ഷിജുവല്ലേ ഇത്. ഇതു കേട്ടതും ഷിജു അത്ഭുതപ്പെട്ടു. അകത്തിരുന്ന വൈദീകൻ പറഞ്ഞു, ഷിജു, ഞാൻ നിന്റെ വികാരിയച്ചനാണ്. ഇതു കേട്ട ഷിജുവിന്റെ മുഖം നിങ്ങളുടെ മനസ്സിൽ കാണുവാൻ സാധിക്കുമല്ലോ. എന്നാൽ അന്നുമുതൽ ഷിജു തന്റെ കുമ്പസാരങ്ങൾ ഇടവകപ്പള്ളിയിലേക്കാക്കി.

പലപ്പോഴും നാം പരിചയമുള്ള വൈദീകരുടെ അടുക്കൽ കുമ്പസാരിക്കാൻ വിമുഖത കാണിക്കാറു ണ്ട്. കാരണം, അവർ നാം ചെയ്ത പാപങ്ങൾ അറിയുമല്ലോ എന്നുള്ള ചിന്തയിൽ നിന്നാണ് അതു ണ്ടാകുന്നത്. ചെയ്തുപോയ പാപം, കർത്താവായ യേശുവിന്റെ പ്രതിനിധിയോട് ഏറ്റു പറയുന്നതിൽ യാതൊരു സങ്കോചവും നമുക്കുണ്ടാകേണ്ട കാര്യമില്ല. കാരണം, അദ്ദേഹം നമ്മുടെ പാപങ്ങൾ മോചിക്കുവാൻ തക്ക അധികാരമുള്ള വ്യക്തിയാണ്. ഒരു സാധാരണ മനുഷ്യന് നമ്മുടെ പാപങ്ങൾ മോചിക്കുവാൻ അധികാരമില്ല. കത്തോലിക്കാ സഭയുടെ പ്രത്യേകതയും അതു തന്നെ. ആദിമസഭയിൽ പാപമോചനം, സഭയിലെ ശ്രേഷ്ഠനായ വ്യക്തിയാണ് ചെയ്തിരുന്നത്. അപ്പസ്തോലന്മാരിലൂടെ, അവരുടെ പിൻഗാമികളായ വൈദീകരിലേക്കും പാപമോചനാധികാരം ലഭിച്ചിരിക്കുന്നു. ഈ പാരമ്പര്യത്തിലൂടെയാണ് സഭയിൽ അനുരഞ്ജന കൂദാശ അഥവാ കുമ്പസാരം നടത്തുന്നത്.

പാപമോചനത്തിനായി നൽകപ്പെട്ടിരിക്കുന്ന ഇത്ര നല്ല കൂദാശ പലപ്പോഴും നാം

7

# കുമ്പസാരം



പലപ്പോഴും അനുരഞ്ജന കൂദാശ അഥവാ കുമ്പസാരത്തെക്കുറിച്ച് പറയുമ്പോൾ പലരും ചോദിക്കുന്ന ഒന്നാണ്, നാം പാപങ്ങൾ ഏറ്റു പറയണമോ എന്നത്. എന്നാൽ ദൈവവചനം കൃത്യമായി നമ്മെ പാപങ്ങൾ ഏറ്റു പറയണമെന്നു തന്നെയാണ് പഠിപ്പിക്കുന്നത്. **എന്നാൽ നാം പാപങ്ങൾ ഏറ്റു പറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും** (1 യോഹ. 1:9). പ്രവാചകനായ ജെറമിയായുടെ ഗ്രന്ഥത്തിലും നാം ഇങ്ങിനെ കാണുന്നു, **നിന്റെ ദൈവമായ കർത്താവിനോട് നീ മറുതലിച്ചു.... നീ എന്നെ അനുസരിച്ചില്ല. ഈ കുറ്റങ്ങൾ നീ ഏറ്റു പറഞ്ഞാൽ മതി** (ജെറ. 3:13).

പുതിയ നിയമത്തിൽ സ്നാപക യോഹന്നാനോട് ജനങ്ങൾ പാപങ്ങൾ ഏറ്റു പറഞ്ഞ് സ്നാനം സ്വീകരിക്കുന്നതായി സാക്ഷ്യപ്പെടുത്തുന്നു. അവർ പാപങ്ങൾ ഏറ്റു പറഞ്ഞ് ജോർദ്ദാൻ നദിയിൽ വെച്ച് അവനിൽ നിന്നും സ്നാനം സ്വീകരിച്ചു (മത്താ. 3:6). സ്വന്തം പാപങ്ങൾ പാപങ്ങളായി അംഗീകരിക്കുന്നവർക്കു മാത്രമേ അവ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കാനാവൂ. പലപ്പോഴും നാം നമ്മുടെ പാപങ്ങൾ അംഗീകരിക്കാതെ മറ്റുള്ളവരുടെ പാപങ്ങൾ മാത്രം കാണുന്നവരായി ജീവിക്കുന്നു.

പാപങ്ങൾ ഏറ്റു പറയുന്നത് ആത്മാവിനു മാത്രമല്ല ശരീരത്തിനും മനസ്സിനും ഗുണകരമാണെന്ന് സങ്കീർത്തകൻ പറയുന്നു. ഞാൻ പാപങ്ങൾ ഏറ്റു പറയാതിരുന്നപ്പോൾ ദിവസം മുഴുവൻ കരഞ്ഞ് എന്റെ ശരീരം ക്ഷയിച്ചു പോയി (സങ്കീ. 32:3). എന്റെ പാപം അവിടത്തോടു ഞാൻ ഏറ്റു പറഞ്ഞു, എന്റെ അകൃത്യം ഞാൻ മറച്ചു വെച്ചില്ല. എന്റെ അതിക്രമങ്ങൾ ഞാൻ കർത്താവിനോടു പറയും എന്നു ഞാൻ പറഞ്ഞു, അപ്പോൾ എന്റെ പാപം അവിടുന്നു ക്ഷമിച്ചു (സങ്കീ. 32:5).

## മനുഷ്യരോട് പാപങ്ങൾ ഏറ്റു പറയുമ്പോൾ

പാപങ്ങൾ ഏറ്റു പറയണമെന്ന കാര്യം ആരും നിഷേധിക്കാനിടയില്ല. എന്നാൽ മനുഷ്യരോട് പാപ




ങ്ങൾ ഏറ്റു പറയണമെന്ന് തിരുവചനം പറയുന്നുണ്ടോ?. തീർച്ചയായും. ബൈബിളിൽ അതു വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റു പറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ (യാക്കോബ് 5: 16). ആത്മീയ മാനസീക ശാരീരിക സൗഖ്യം പ്രാപിക്കാൻ നാം പരസ്പരം പാപങ്ങൾ ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കണം. പരസ്പരം എന്നാൽ തമ്മിൽത്തമ്മിൽ തന്നെ. മനുഷ്യർ പാപങ്ങൾ ഏറ്റു പറയുന്നെങ്കിൽ ആര് ആരോട് എന്നത് വളരെ പ്രധാനമാണ്. ഒന്നുകിൽ ശ്രേഷ്ഠനും വിശ്വാസികളും ഒരുമിച്ചു കൂടിയിരിക്കുന്ന കൂട്ടായ്മയിൽ, അല്ലെങ്കിൽ ആർക്കെതിരെ പാപം ചെയ്തിരിക്കുന്നുവോ ആ വ്യക്തിയോട് നേരിട്ട് ഏറ്റു പറയണം. പലപ്പോഴും രണ്ടാമത് പറഞ്ഞിരിക്കുന്ന കാര്യം വളരെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണ്. കാരണം, ആത്മീയമായി പക്വതയില്ലാത്ത ഒരാളോടാണ് അയാൾക്കെതിരെ ചെയ്ത തെറ്റ് ഏറ്റുപറയുന്നതെങ്കിൽ ഉടനടി വലിയ ശിക്ഷയായിരിക്കും ലഭിക്കുന്നത്. അത് നന്മയേക്കാൾ കൂടുതൽ തിന്മയായി ഭവിക്കും. പാപമോചനം ലഭിക്കാതെ തന്നെ ശിക്ഷയനുഭവിക്കേണ്ടിയും വന്നേക്കാം. കൂടാതെ മറ്റു ചില വൈഷമ്യങ്ങളും ഇതിലുണ്ട്. ഒരു കുഞ്ഞിനെതിരെ തെറ്റു ചെയ്താൽ ആ കുഞ്ഞിനോട് പറഞ്ഞാൽ അതിനു മനസ്സിലാകുമോ?. അപ്പോൾ ആ കുഞ്ഞിന്റെ മാതാ പിതാക്കളോടായിരിക്കണം പറയേണ്ടത്. മന്ദബുദ്ധിയായ ഒരാൾക്കെതിരെ തെറ്റു ചെയ്താൽ അയാളോടു പറഞ്ഞാൽ പാപമോചനം ലഭിക്കുമോ?, ഇല്ല. അത് അയാളുടെ രക്ഷകർത്താവിനോടാണ് പറയേണ്ടത്. ഭാര്യക്കെതിരെ ഭർത്താവോ അല്ലെങ്കിൽ ഭർത്താവിനെതിരെ ഭാര്യയോ തെറ്റു ചെയ്താൽ പരസ്പരം പറഞ്ഞാൽ പാപമോചനം ലഭിക്കുമോ, അതിനുള്ള മഹാമനസ്ക്കത നമുക്കുണ്ടോ?. തൊഴിലാളി മുതലാളിക്കെതിരെയോ മുതലാളി തൊഴിലാളിക്കെതിരെയോ തെറ്റു ചെയ്താൽ പരസ്പരം ഏറ്റു പറഞ്ഞാൽ പ്രശ്നങ്ങൾ തീരുകയും പാപമോചനം ലഭിക്കുകയും ചെയ്യുമോ?. പലപ്പോഴും അപ്രായോഗികമായ രീതിയാണിത്.

ആദിമസഭയിൽ ശ്രേഷ്ഠനോടും വിശ്വാസ സമൂഹത്തോടു മുഴവനും പരസ്യമായി പാപങ്ങൾ ഏറ്റു പറയുന്ന രീതിയാണ് ഉണ്ടായിരുന്നത്. ശ്രേഷ്ഠൻ പ്രായശ്ചിത്തം നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു. പ്രായശ്ചിത്തം നിറവേറ്റിക്കഴിയുമ്പോൾ ശ്രേഷ്ഠൻ പാപമോചനം നൽകിയിരുന്നു. മാരകപാപങ്ങൾക്ക് കഠിനമായ പ്രായശ്ചിത്തം നൽകിയിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതും വിശ്വാസ തീക്ഷ്ണത കുറഞ്ഞതും ഈ ഏറ്റുപറച്ചിൽ രീതിയിൽ പ്രശ്നങ്ങളുണ്ടാക്കി. അങ്ങിനെ ശ്രേഷ്ഠൻമാരുടെ പക്കൽ പാപങ്ങൾ ഏറ്റു പറഞ്ഞ് പ്രായശ്ചിത്തം ചെയ്ത് പാപമോചനം നേടുന്ന രീതി നിലവിൽ വന്നു. സമൂഹത്തിൽ പരസ്യമായി പാപങ്ങൾ ഏറ്റു പറഞ്ഞിരുന്ന കാലത്തും ശ്രേഷ്ഠനായ വ്യക്തിയാണ് പാപമോചനം നൽകിയിരുന്നത്. ഈ രീതിയാണ് ഇന്നും കത്തോലിക്കാ സഭയിൽ പിന്തുടരുന്നത്. അതാണ് അനുരഞ്ജന കൂദാശ അഥവാ കുമ്പസാരമായി മാറിയത്.


# വിശുദ്ധ കാതറീൻ ലബോർ (1806–1876)



പത്തൊൻപതാം നൂറ്റാണ്ടിൽ ധന്യമായ ജീവിതത്തിലൂടെ വിശുദ്ധ പദവിയിലെത്തിയ കാതറിൻ ലബോറിന്റെ കഥ. ഫ്രാൻസിലെ ഒരു കർഷക ദമ്പതികളുടെ പതിനൊന്നു മക്കളിൽ ഒൻപതാമത്തവ ളായിരുന്നു കാതറിൻ. സോ എന്നായിരുന്നു അവളുടെ ആദ്യപേര്. ബാല്യകാലം മുതൽ ദാരിദ്ര്യവും കഷ്ടപ്പാടുകളും അവളുടെ കൂടെ യുണ്ടായിരുന്നു. വേണ്ടത്ര വിദ്യഭ്യാസം ലഭിച്ചില്ല. എഴുതുവാനോ വായിക്കുവാനോ പഠിച്ചില്ല. എട്ടു വയസുള്ളപ്പോൾ അമ്മ മരിച്ചു. അതോടെ വീട്ടുജോലികളുടെ ഉത്തരവാദിത്തം സോയുടെ ചുമലിൽ വന്നു. മൂത്ത സഹോദരി കന്യാസ്ത്രീയാകുവാനായി പോയതോടെ ഭാരം വർധിച്ചു. പക്ഷേ, ഒരു പരാതിയോ മുറുമുറുപ്പോപോലു മില്ലാതെ എല്ലാം അവൾ ഏറ്റെടുത്തു; ഭംഗിയായി നോക്കിനടത്തി.

എല്ലാ വേദനകളും അവൾ പങ്കുവെച്ചത് യേശുനാഥനുമായിരുന്നു.പ്രാർഥനകളിൽ അവൾ ആശ്വാസം കണ്ടെത്തി. ഉപവാസം കരുത്തേകി. ജീവിതം അങ്ങനെ മുന്നോട്ടുപോകവേ, വീട്ടിലെ സാമ്പത്തികഭാരം പിതാവിനെക്കൊണ്ടു മാത്രം പരിഹരിക്കാനാവാത്ത അവസ്ഥ വന്നു. അങ്ങനെ പാരീസിലെ ഒരു ഹോട്ടലിൽ വേലക്കാരിയായും വിളമ്പുകാരിയായും സോ ജോലി നോക്കി. പിന്നീട് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി നോത്തുന്ന ഒരു ആശുപത്രിയിൽ ചേർന്നു. അവിടെ രോഗികൾക്ക് ആശ്വാസം പകരുവാനും അവരെ മറ്റാരെക്കാളും ആത്മാർത്ഥമായി ശുശ്രൂഷിക്കുവാനും സോയു ണ്ടായിരുന്നു. അവിടെ കഴിയുന്ന കാലത്ത് ഒരിക്കൽ സോയ്ക്കു സെന്റ് വിൻസന്റ് ഡി പോളിന്റെ ദർശനമുണ്ടായി. രോഗികൾക്കാശ്വാസം പകരുവാനായി സോയുടെ ജീവിതം മാറ്റി വെയ്ക്കണ മെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് വിൻസന്റ് ഡി പോൾ സ്വപ്നത്തിൽ അവളോടു പറഞ്ഞു. ഇതെതുടർന്ന് സോ, കാതറീൻ എന്ന പേരു സ്വീകരിച്ച് ഉപവിയുടെ സഹോദരിമാരുടെ മഠത്തിൽ ചേർന്നു. വി.കുർബാനയോടുള്ള അടങ്ങാത്ത ഭക്തി കാതറീന്റെ പ്രത്യേകതയായിരുന്നു. വി.കുർബാനയുടെ മധ്യേ യേശുവിനെ നേരിട്ടുകാണുന്നതുപോലെ അവൾക്ക് അനുഭവപ്പെടാറുണ്ടാ യിരുന്നു. പരിശുദ്ധ കന്യാമറിയത്തിന്റെ മൂന്നു ദർശനങ്ങൾ കാതറീന് ഉണ്ടായി. ഒരു തവണ ഒരു കാശുരൂപം മാതാവ് അവൾക്കു കൊടുത്തതായും അതിന്റെ ശക്തിയാൽ നിരവധി അത്ഭുത പ്രവർത്തികൾ നടന്നതായും വിശ്വസിക്കപ്പെടുന്നു.

**പ്രാർഥന:** കർത്താവേ, ഇതാ ഞാൻ അങ്ങയുടെ മുന്നിൽ നിൽക്കുന്നു. അങ്ങ് തിരുമനസാകുന്നത് എനിക്കു തരിക. എന്തെങ്കിലും തന്നാൽ ഞാൻ സന്തോഷത്തോടെ സ്വീകരിക്കും. അങ്ങേയ്ക്കു നന്ദി പറയും. ഒന്നും തരുന്നില്ലെങ്കിലും ഞാൻ അങ്ങേയ്ക്കു നന്ദിപറയും. കാരണം എനിക്ക് ഒന്നും ലഭിക്കുവാനുള്ള അർഹതയില്ല. എന്റെ വിചാരങ്ങൾ അവിടുത്തെ അറിയിച്ചിട്ട് അങ്ങയുടെ വാക്കു കൾക്കായി ഞാൻ കാത്തിരിക്കും. അങ്ങ് എന്നോട് സംസാരിക്കണമേ. ആമേൻ




## 93). എന്തുകൊണ്ടാണ് ക്രിസ്തു മലയിൽ വച്ച് മറുരൂപപ്പെട്ടത്?

**യേശുവിന്റെ ഭൗമികജീവിതകാലത്തുപോലും ദൈവം തന്റെ പുത്രന്റെ ദൈവിക മഹത്ത്വം വെളിപ്പെടുത്താൻ ആഗ്രഹിച്ചു. യേശുവിന്റെ മരണവും ഉത്ഥാനവും പിന്നീടു മനസ്സിലാക്കാൻ ശിഷ്യൻമാരെ സഹായിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു അവിടത്തെ മറുരൂപപ്പെടൽ.**

മലമുകളിൽ വച്ച് ശിഷ്യൻമാരുടെ കൺമുമ്പിൽ എങ്ങനെ യേശു പ്രകാശിക്കാൻ തുടങ്ങിയെന്ന് (മറുരൂപപ്പെട്ടുവെന്ന്) മൂന്നു സുവിശേഷങ്ങൾ വിവരിക്കുന്നുണ്ട്. യേശുവിനെ അവിടത്തെ സ്വർഗീയ പിതാവ് തന്റെ ' പ്രിയപുത്രൻ' എന്നു വിളിക്കുന്നു. അവർ അവനെ ശ്രവിക്കണമെന്ന് ആവശ്യപ്പെടുന്നു. മൂന്നു കൂടാരങ്ങളുണ്ടാക്കി ആ നിമിഷം സ്വന്തമാക്കാൻ പത്രോസ് ആഗ്രഹിക്കുന്നു. എന്നാൽ, യേശു പീഡാസഹനത്തിലേക്കുള്ള വഴിയിലാണ്. മഹത്ത്വദർശനം അവിടത്തെ ശിഷ്യൻമാരെ ശക്തിപ്പെടുത്താനുള്ളതാണ്.

## എഡിറ്റോറിയൽ . . തുടർച്ച

അവഗണിക്കാറാണ് പതിവ്. അടിക്കടിയുള്ള കുമ്പസാരത്തിലൂടെയും വിശുദ്ധ കുർബ്ബാന സ്വീകരണത്തിലൂടെയും നമുക്ക് പാപത്തിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുവാൻ സാധിക്കുന്നു. ദൈവത്തിന്റെ പ്രസാദവരം നമ്മിൽ നിറയുവാൻ ഈ കൂദാശകൾ കാരണമാകുന്നു. ആയതിനാൽ നമ്മുടെ പാപാവസ്ഥകളിൽ നിന്നും പിന്തിരിഞ്ഞ് നല്ലൊരു കുമ്പസാരത്തിലൂടെ അടുത്തയാഴ്ച തുടങ്ങാനിരിക്കുന്ന പിറവിക്കാലത്തിലേക്ക് നമുക്ക് നടന്നടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം...
ആന്റിജോയ് ഒളാട്ടുപുറത്ത്
97150-963-4017

## ഹൃദിസ്ഥമാക്കാൻ ഒരു വചനം

**സൈന്യങ്ങളുടെ ദൈവമായ കർത്താവേ,**
**ഞങ്ങളെ പുനരുദ്ധരിക്കണമേ!**
**അങ്ങയുടെ മുഖം പ്രകാശിക്കുകയും ഞങ്ങൾ രക്ഷപെടുകയും ചെയ്യട്ടെ!**

**സങ്കീർത്തനങ്ങൾ 80:7**

# സ്നേഹസാമീപ്യവും ലാളിത്യവും കൊണ്ട് ഭൂമിയിൽ ദൈവരാജ്യം യാഥാർത്ഥ്യമാക്കിയവരാണ് നവവിശുദ്ധർ

**പാപ്പാ ഫ്രാൻസീസ്**

ക്രിസ്തുവിന്റെ രാജ്യം സത്യത്തിന്റെയും ജീവന്റേയും, വിശുദ്ധിയുടേയും കൃപയുടേയും നീതിയുടേയും സ്നേഹത്തിന്റേയും സമാധാനത്തിന്റേയും രാജ്യമാണ്. ക്രിസ്തു എപ്രകാരം ദൈവരാജ്യം സ്ഥാപിച്ചുവെന്നും, അത് ചരിത്രത്തിൽ എപ്രകാരം സ്ഥാപിതമായെന്നും തിരുവെഴുത്തുകൾ വെളിപ്പെടുത്തുന്നു. ഇന്ന് ക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നതും ഇതുതന്നെയാണ്. ക്രിസ്തു ദൈവരാജ്യം യാഥാർത്ഥ്യമാക്കിയത് തന്റെ സ്നേഹസാമീപ്യവും ലാളിത്യവും കൊണ്ടാണ്. ' അന്വേഷിച്ചിറങ്ങുന്നു, തേടി നടക്കുന്നു, ചിതറിപ്പോയവയെ ചേർത്തിണക്കുന്നു, മേച്ചിൽപ്പുറങ്ങളിലേയ്ക്ക് ആനയിക്കുന്നു, വിശ്രാന്തി നല്കുന്നു, നഷ്ടപ്പെട്ടതിനെ തേടിയിറങ്ങുന്നു, വഴിതെറ്റിയതിനെ തിരികെക്കൊണ്ടുവരുന്നു, മുറിപ്പെട്ടതിനെ വച്ചുകെട്ടുന്നു, രോഗികൾക്കു സൗഖ്യംപകരുന്നു, പാവങ്ങളെ പരിചരിക്കുന്നു, അവിടുന്ന് അവരെ നയിക്കുന്നു' – എന്നിങ്ങനെയുള്ള വാക്യങ്ങൾ ഇടയന്റെ ആടുകളോടുള്ള സ്നേഹവും പരിലാളനയും വെളിപ്പെടുത്തുന്നതാണ്. പ്രവാചകഗ്രന്ഥത്തിലെ സംജ്ഞകളും ക്രിയാരൂപങ്ങളും ക്രിസ്തുവിൽ യാഥാർത്ഥ്യമാകുന്നുണ്ട്. തന്റെ ഉത്ഥാനശേഷം വിജയശ്രീലാളിതനായ ക്രിസ്തു എപ്രകാരമാണ് ദൈവരാജ്യത്തിന്റെ പാതയിൽ മുന്നേറിയതെന്ന് നാം മനസ്സിലാക്കേണ്ടതാണ്. പൗലോസ് അപ്പസ്തോലൻ കൊറീന്തിയർക്കെഴുതിയ ആദ്യ ലേഖനത്തിൽ അതു വിവരിക്കുന്നുണ്ട്. **' ശത്രുക്കളെ തന്റെ പാദപീഠമാക്കുവോളം അവിടുന്ന് വാഴുന്നു,'** (15:25). പിതാവ് എല്ലാം പുത്രനെ ഏല്പിക്കുന്നു, അതുപോലെ പുത്രൻ എല്ലാം പിതാവിനെയും.' ക്രിസ്തു ഭൗമിക രാജാവല്ല. എന്നാൽ അവിടുന്ന് വാഴുന്നു, എന്നു പറയുമ്പോൾ ആജ്ഞാപിക്കുകയല്ല, മറിച്ച് തന്റെ സ്നേഹത്തിന്റെയും രക്ഷയുടെയും പദ്ധതി പൂർത്തീകരിക്കപ്പെടുന്നതിൽ സ്വർഗ്ഗീയ പിതാവിന് കീഴ്പ്പെടുകയാണ്. അവിടുന്ന് പിതാവിനെ അനുസരിക്കുന്നു, പിതൃപദ്ധതികൾക്ക് വിധേയനാകുന്നു എന്നാണ്. അങ്ങനെ പിതാവും പുത്രനും തമ്മിലുള്ള പരിപൂർണ്ണമായ ധാരണയും ഐക്യവും എന്നും നിലനില്ക്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ ഭരണം പിതാവും പുത്രനും തമ്മിലുള്ള പരസ്പര ഐക്യത്തിന്റെ കാലമാണ് – പിതാവ് പുത്രനെ ഭരമേല്പിക്കുകയും, പുത്രൻ പിതൃഹിതത്തോട് സാരൂപ്യപ്പെടുകയും ചെയ്യുന്ന നീണ്ട കാലഘട്ടമാണ്. **' കീഴ്പ്പെടുത്തപ്പെടേണ്ട അവസാന ശത്രു മരണമാണ്' (1കൊറി. 15:26).** അവസാനം എല്ലാം ക്രിസ്തുവിന്റെ പരമാധികാരത്തിന് വിധേയമാകുമ്പോൾ, സമസ്തവും തനിക്ക് അധീനമാക്കിയവൻ, പുത്രൻ തന്നെയും പിതാവിന് കീഴ്പ്പെടുന്നു. ഇത് **' ദൈവം എല്ലാവർക്കും എല്ലാമാകേണ്ടതിനാണ്' (1കൊറി. 15:28).**

ക്രിസ്തുവിന്റെ രാജ്യം ആവശ്യപ്പെടുന്നതെന്തെന്ന് സുവിശേഷം പഠിപ്പിക്കുന്നു. സ്നേഹസാന്നിദ്ധ്യവും ലാളിത്യവുമാണ് ദൈവരാജ്യത്തിന്റെ ജീവിതനിയമം. അതിന്റെ അടിസ്ഥാനത്തിൽ അവസാനം എല്ലാവരും വിധിക്കപ്പെടുന്നു. ' പിതാവിനാൽ അനുഗ്രഹീതരേ, വരുവിൻ. ലോകസ്ഥാപനം മുതൽ ഒരുക്കിയിരിക്കുന്ന ദൈവരാജ്യം കരസ്ഥമാക്കുവിൻ. എന്തെന്നാൽ എനിക്കു വിശന്നപ്പോൾ ഭക്ഷണം തന്നു, ദാഹിച്ചപ്പോൾ കുടിക്കുവാൻ തന്നു. പരദേശിയായപ്പോൾ എന്നെ നിങ്ങൾ സ്വീകരിച്ചു. നഗ്നനായിരുന്ന എനിക്ക് വസ്ത്രം നല്കി. രോഗിയായിരുന്നപ്പോൾ എന്നെ സന്ദർശിച്ചു. കരാഗൃഹത്തിൽ

ആയിരുന്നപ്പോൾ, നിങ്ങൾ എന്റെ പക്കൽ വന്നു' (മത്തായി 25: 34-36). ' അപ്പോൾ നീതിമാന്മാർ ചോദിക്കും, എപ്പോഴാണ് ഇങ്ങനെ സംഭവിച്ചത്? രാജാവ് മറുപടി പറയും, എന്റെ എളിയവർക്കായി നിങ്ങൾ ഇതെല്ലാം ചെയ്തുകൊടുത്തപ്പോൾ, എനിക്കു തന്നെയാണ് ചെയ്തുതന്നത്.' (മത്തായി 25: 40).

ക്രിസ്തുവിന്റെ പരമാധികാരത്തിന്റെ പ്രഘോഷണമല്ല രക്ഷാകര പ്രവർത്തനം. മറിച്ച് അവിടുത്തെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അനുകരണമാണ്, ക്രിസ്താനുകരണമാണ്. ദൈവസ്നേഹത്തോടു തുറവു കാണിച്ചുകൊണ്ട് ക്രിസ്തുവിന്റെ കാരുണ്യവും സ്നേഹവും ജീവിക്കുന്നവരാണ് അവിടുത്തെ രാജ്യം യാഥാർത്ഥ്യമാക്കുന്നത്. സഹജീവികളോടും സഹോദരങ്ങളോടും നാം കാണിക്കുന്ന സ്നേഹത്തിന്റെയും സത്പ്രവൃത്തികളുടെയും അടിസ്ഥാനത്തിലായിരിക്കും ജീവിതസായാഹ്നത്തിൽ നാം വിധിക്കപ്പെടുന്നത്, അല്ലെങ്കിൽ വിലയിരുത്തപ്പെടുന്നത്. ദൈവരാജ്യത്തിലേയ്ക്കുള്ള നമ്മുടെ പ്രവേശനത്തിന്റെയോ തിരസ്ക്കരണത്തിന്റെയോ മാനദണ്ഡം സഹോദരസ്നേഹമാണ്. തന്റെ ജീവസമർപ്പണത്താൽ ക്രിസ്തു ദൈവരാജ്യം നമുക്കായി തുറന്നുതന്നിരിക്കുന്നു. യാഥാർത്ഥ്യ ബോധത്തോടെ എളിയവർക്ക് നന്മചെയ്തും, പാവങ്ങളെ തുണച്ചും, സഹജീവികളോട് ഐക്യദാർഢ്യത്തോടെ പെരുമാറിയുമാണ് ദൈവരാജ്യം ഈ ഭൂമിയിൽ ഇനിയും നാം തുറക്കേണ്ടത്, യാഥാർത്ഥ്യമാക്കേണ്ടത്. സഹോദരങ്ങളെ സ്നേഹിക്കുന്നെങ്കിൽ അമൂല്യനിധിയായ ക്രിസ്തുവിനെ അവരോടു പ്രഘോഷിക്കുകയും അവിടുത്തെ സുവിശേഷം അവരുമായി പങ്കുവയ്ക്കുകയും വേണം.

സഭയിലെ നവവിശുദ്ധർ നമുക്ക് മാതൃകയാണ്. അവർ അവകാശികളായിത്തീർന്ന ദൈവരാജ്യത്തെ തനിമയാർന്ന വിധത്തിൽ പ്രഘോഷിച്ചവരാണവർ. ദൈവത്തെയും അയല്ക്കാരേയും സ്നേഹിക്കണമെന്ന കല്പനയോട് വളരെ ക്രിയാത്മകമായിട്ടും അന്യൂനമായിട്ടും പ്രത്യുത്തരിച്ചവരാണ് ഈ പുണ്യാത്മാക്കൾ. പാവങ്ങളെയും വയോജനങ്ങളെയും രോഗികളെയും തീർത്ഥാടകരെയും സഹായിക്കുന്നതിലും പരിചരിക്കുന്നതിലും കലവറയില്ലാതെ തങ്ങളെത്തന്നെ സമർപ്പിച്ചവരാണവർ. ദൈവത്തോട് ഈ വിശുദ്ധാത്മാക്കൾ കാണിച്ച നിർലോഭമായ സ്നേഹത്തിന്റെ അളവ് എളിയവരോടും പാവങ്ങളോടുമുള്ള പ്രത്യേകമായ സ്നേഹമായിരുന്നു. പാവങ്ങളുടെയും എളിയവരുടെയും ശുശ്രൂഷയിൽനിന്നും ഉതിർന്ന സ്നേഹത്തിലാണ് അവർ ദൈവംസ്നേഹം കണ്ടെത്തിയതും, അത് തിരിച്ചറിഞ്ഞതും. അങ്ങനെ വിധിദിനത്തിൽ അവർ ശ്രവിക്കും, **' പിതാവിനാൽ അനുഗൃഹീതരേ, വരുവിൻ, ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന ദൈവരാജ്യം കൈവശമാക്കുവിൻ!' (മത്തായി 25: 34).**

വിശുദ്ധപദ പ്രഖ്യാപനത്തിലൂടെ സഭ വീണ്ടും ഈ ദൈവരാജ്യത്തിന്റെ രഹസ്യമാണ് വെളിപ്പെടുത്തുന്നതും പ്രഘോഷിക്കുന്നതും. അങ്ങനെ നല്ലിടയനും സമാധാന രാജാവുമായ ക്രിസ്തുവിനെത്തന്നെയാണ് സഭ ഇതുവഴി ചൂണ്ടിക്കാണിക്കുന്നത്. തങ്ങളുടെ ജീവിതസാക്ഷ്യത്തിലൂടെയും മാദ്ധ്യസ്ഥ്യത്തിലൂടെയും ഇനിയും സുവിശേഷവഴികളിൽ സസന്തോഷം ചരിക്കുവാനുള്ള പ്രചോദനവും ശക്തിയും നമുക്കായി നവവിശുദ്ധർ നേടിത്തരട്ടെ. അവരുടെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ധീരമായ കാല്പാടുകളെ നമുക്ക് അനുധാവനംചെയ്യാം. അങ്ങനെ നാമും ഈ പുണ്യാത്മാക്കളെപ്പോലെ അമർത്ത്യതയുടെയും നിത്യതയുടെയും പാതയിൽ ജീവിക്കാൻ ഇടയാവട്ടെ. നൈമിഷികവും ഭൗതികവുമായ താല്പര്യങ്ങൾ നമ്മുടെ ജീവിതദൗത്യത്തിന് ഇടർച്ചയാവാതിരിക്കട്ടെ. വിശുദ്ധരുടെ മകുടമായ പരിശുദ്ധ കന്യകാനാഥ നമ്മെ ഏവരെയും ദൈവരാജ്യത്തിന്റെ മാർഗ്ഗത്തിൽ നയിക്കട്ടെ.

## Jesus Youth Annual Gathering-2014

ജീസ്സസ് യൂത്തിന്റെ Annual Gathering ഈ വർഷം യു.എ.ഇ. നാഷ്ണൽ ഡേയായ ഡിസംബർ 2ന് അബുദാബിയിൽ വെച്ച് നടത്തുന്നു. പോകുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 6.15 ന് ദൈവാലയ പരിസരത്ത് എത്തിച്ചേരുക. 6.30ന് പുറപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക, ജോജിഷ് 055 6370222/ 055 595 6922

## ആശംസകൾ

ജന്മദിനമാഘോഷിക്കുന്ന റിജോ ജോസഫ്, ഡേവീഡ്, മനു പൗലോസ് (നവംബർ 28), സെബി ഡേവീസ്, പിന്റോ ഫിലിപ്പ്, (29), ടോണി ജെയിംസ്, ക്രിസ്റ്റി അൽഫോൺസ്, (30), സജീവ് എസ്.ഗോമസ്, ആന്റോ പി.ജോസ്. (ഡിസംബർ 1), ടിനോയ് നെൽസൻ (2), തോംസൻ ഡേവീസ്, നൈജു പോൾ, നിതിൻ യേശുദാസ് (3) ശില്പ ജെവിൻ, സാഗർ ടോം (4), സോജി ചാക്കോ (5), മിഥുൻ മാത്യൂസ്, ജയൻ ക്രിസ്തുദാസൻ, ബോസ്കോ പയസ്സ് (6), റിജോയ് ജോസ്, ഷിജു ജോയ് (7), സിബി. സി.ജെ, (8), ജോമോൻ ജോസഫ് , ലിജോ ജോസ്, (9), അരുൺ ജോസ് (10), സിംസ് പൗലോസ്, ജെനെറ്റ് (11). എന്നിവർക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേർന്നുകൊള്ളുന്നു.

## കൃതജ്ഞതാ ദിവ്യബലി

ചാവറ ഏല്യാസ് കുര്യാക്കോസച്ചനേയും എവുപ്രാസ്യാമ്മയേയും ആഗോള സഭയിലെ വിശുദ്ധരായി പ്രഖ്യാപിച്ചതിന് കൃതജ്ഞതയർപ്പിച്ചുകൊണ്ടുള്ള ദിവ്യബലി 4 ാം തിയതി വൈകുന്നേരം 8 മണിക്ക് ഉണ്ടായിരിക്കുന്നതാണ്.

## ഇ- മെയിൽ

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് **dubaijy@gmail.com** എന്നതിലേക്ക് അയക്കുക.

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേയ് **(thoolikaa@gmail.com)** അയച്ചുതരുമല്ലോ.

English Mass Timings
**St. Mary's Church, Dubai**

**Friday**: 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday**: 6:00 am, 6:45 am, 9:00 am, 12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday**: 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu)**: 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം – മലയാളം

സെന്റ് മേരീസ് ദേവാലയം – ദുബൈ

- എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
- ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
- നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
- **മലങ്കര റീത്തിൽ**: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## ജീസസ്സ് യൂത്ത് – ദുബൈ

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) – രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6–ൽ).
- **മധ്യസ്ഥപ്രാർത്ഥന**: എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4–ൽ).
- **നൈറ്റ് വിജിൽ** – മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** – മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- **JY English**: 7:00 മുതൽ 9:00 (Saturdays)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** – ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** – വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ

## ജീസസ്സ് യൂത്ത് ഫാമിലി

- **J.Y. ഹോം. റാഷിദിയ**
  ഡാൽട്ടൺ & സ്മിന 055 4523032
- **അൽ നാഹ്ദ സോണൽ**
  സെബാസ്റ്റ്യൻ & ലിജിയ 050–3986934

## സോണൽ കൂട്ടായ്മകൾ

- **കരാമ** – ഡെന്നി (056–6375889)
- **ബർദുബായ്** – ബോബൻ (055–2179148)
- **ലുലു വില്ലേജ്** – അരുൺ (052–7308025)
- **അൽ നാഹ്ദ** – ജോഫ്രിൻ (050–8879491)
- **ഖിസൈസ്** – ടോളി ആന്റണി (055 5507213)
- **സോനാപൂർ** – പ്രവീൺ (055–3604834)
- **അൽഖൂസ് (1)** – സിബി (055–6852279)
- **അൽഖൂസ് (2)** – ആൻസൺ (055–1448536)
- **അൽഖൂസ് (3)** – ഷിനോ (055–1742790)
- **അൽഖൂസ് (4)** – സോണി (056–9334565)
- **അൽഖൂസ് (5)** – ജോസ് (055–7412601)
- **മുത്തീന** – അജോ (055–7656110)
- **അൽ ബറാഹ** – ലിജോ (055–9108353)
- **സത്വാ** – സ്മിജോ (055–7419263)
- **ഹോർഅൽആൻസ്** – സിജോ (055–3173864)
- **ഇന്റർനാഷണൽ സിറ്റി** – ബിബിൻ (055–2384627)

***for private circulation (within the church compound) only***

***Thoolika** - Weekly newsletter of Dubai Jesus Youth.*
***Published by**: Vipin Raphael (050-1631622) for Literature Ministry of Jesus Youth, Dubai*
***Patron**: Rev. Fr. Seraphin OFM Cap. **Animator**: Shaji Joseph*
***Editor**: Antijoy Olattupurath (050-9634017) **Cover**: Liju Chandy*
***E-mail**: thoolikaa@gmail.com **Web:*** http://thoolikaa.org & http://thoolikaa.net

"When we meet a person truly in need,
do we see the face of God?"

- POPE FRANCIS -

TWITTER @PONTIFEX

Jesus Youth
DUBAI

FOR PRIVATE CIRCULATION (WITHIN THE CHURCH COMPUND) ONLY